"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ് - കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.439/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 25/06/2021

പരാമർശം:- 1 29.03.2017ലെ സ.ഉ(കൈ)13/2017/സാ.നീ.വ

2 കേരള വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 03.09.2018, 10.1.2020-ലെ 5283/എ4/2018/വി.ക്ഷേ.കോ നമ്പർ കത്തുകൾ

3 10.01.2020 ലെ സ.ഉ(കൈ)നം.2/2020/സാ.നീ.വ

4 കേരള വികലാംഗക്ഷേമ കോർപ്പറേഷൻ ചെയർമാന്റെ 03.09.2018-ലെ 5283/എ4/2018/വി.ക്ഷേ.കോ നമ്പർ കത്ത്

ഉത്തരവ്

സംസ്ഥാനത്തെ ഭിന്നശേഷിക്കാരായവരുടെ ഉന്നമനത്തിനു വേണ്ടി 1979-ൽ രൂപീകൃതമായ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ അംഗീകൃത സ്പെഷ്യൽ റൂൾ നിലവിലില്ല . പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിൽ 9-ാം ശമ്പളപരിഷ്കരണം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രമോഷൻ, പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്താൻ പാടില്ലയെന്നും സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങളെന്തെങ്കിലും വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ടി ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് മുമ്പ് നിർത്തലാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2. ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായം 58 ആയതിനാലും, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന

ജീവനക്കാർക്ക് തുച്ഛമായ ഇ.പി.എഫ് പെൻഷൻ മാത്രമാണ് ലഭിച്ച് വരുന്നത് എന്നതിനാലും 11.3.2004-ൽ ചേർന്ന കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ 114 ാമത് ബോർഡ് യോഗത്തിൽ സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ പ്രകാരം ലഭിച്ച് വരുന്ന എല്ലാ ആനുകൂല്യങ്ങളും കോർപ്പറേഷനിലെ ജീവനക്കാർക്കും ബാധകമാക്കിക്കൊണ്ടും റിട്ടയർമെന്റ് പ്രായം 58 ആയി തുടരുന്നതിനും തീരുമാനിച്ചിരുന്നു. ആയതിന് സർക്കാർ അംഗീകാരം തേടിയിരുന്നില്ല.

3. സർക്കാർ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായമായ 56 വയസ്സിൽ കോർപ്പറേഷനിലെ ജീവനക്കാർ റിട്ടയർ ചെയ്താൽ 58 വയസ്സുവരെയുള്ള കാലയളവിൽ ശമ്പളമോ പെൻഷനോ കിട്ടാത്ത സ്ഥിതിയാകുമെന്നതിനാലാണ് പെൻഷൻ പ്രായം 58 ആയി 114-ാമത് യോഗം അംഗീകരിച്ചതെന്നും ഇ.പി.എഫ് നിയമമനുസരിച്ച് 58 വയസ്സാണ് റിട്ടയർമെന്റ് പ്രായമായി നിജപ്പെടുത്തിയിട്ടുള്ളതെന്നും പെൻഷൻപ്രായത്തിലുള്ള ഈ വ്യത്യാസം കാരണം 56-58 വയസ്സുവരെയുള്ള കാലയളവിലെ ആർജിതാവധി, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ കണക്കാക്കുന്നതിന് സാധ്യമാകാത്ത സ്ഥിതിയാണെന്നും 9-ാം ശമ്പളപരിഷ്കരണ ഉത്തരവിനു ശേഷം റിട്ടയർ ചെയ്ത ജീവനക്കാർക്ക് 9-ാം ശമ്പളപരിഷ്കരണ ഉത്തരവിന്റെ വെളിച്ചത്തിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുമ്പോൾ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായത്തിനു ശേഷമുള്ള കാലയളവിൽ എങ്ങനെ നൽകണമെന്നതിൽ അവ്യക്തത നിലനിൽക്കുന്നു എന്നും ആയതിനാൽ പെൻഷൻ പദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ 58 ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. കോർപ്പറേഷൻ രൂപീകൃതമായ 1979 മുതൽ കോർപ്പറേഷനിൽ നിന്നും 58 വയസ്സിലാണ് ജീവനക്കാർ വിരമിച്ചു വന്നിരുന്നതെന്നും കോർപ്പറേഷനിൽ പെൻഷൻ പ്രായം സംബന്ധിച്ച് യാതൊരുവിധ സർക്കാർ ഉത്തരവും നിലവില്ലാത്ത സാഹചര്യത്തിലാണ് കഴിഞ്ഞ 40 വർഷമായി തുടർന്ന രീതി ഡയറക്ടർ ബോർഡിന്റെ നിർദ്ദേശാനുസരണം പിന്തുടർന്നതെന്നും ഇക്കാര്യത്തിൽ പുതുതായി ഒരു നിലപാടും സ്വീകരിച്ചിട്ടില്ലെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

4. വികലാംഗക്ഷേമ കോർപ്പറേഷനിൽ 13 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള 13 താൽക്കാലിക ജീവനക്കാരെ പെൻഷൻ പ്രായം 56 വയസ്സായി നിജപ്പെടുത്തി വർക്കർ തസ്തികയിൽ റെഗുലറൈസ് ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 24.02.2020-ൽ കൂടിയ ഡയറക്ടർ ബോർഡിന്റെ തീരുമാനം അനുസരിച്ച് വിരമിക്കൽ പ്രായം സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിൽ ഇല്ലാത്തതിനാൽ ഇനിയൊരു സർക്കാർ ഉത്തരവ് ഉണ്ടാകുന്നതു വരെ കോർപ്പറേഷനിലെ എല്ലാ ജീവനക്കാരുടെയും പെൻഷൻ പ്രായം 56 വയസ്സായി നിജപ്പെടുത്തി തീരുമാനിക്കുകയുണ്ടായി. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ അംഗീകൃത

റൂൾസിന്റെ അഭാവത്തിൽ ജീവനക്കാർക്ക് പ്രൊമോഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുവാൻ സാധിക്കുന്നില്ല എന്നും ഇപ്പോൾ വിരമിക്കൽ പ്രായം 56 വയസ്സാക്കിയതോടെ പെൻഷൻപോലും പൂർണമായും കിട്ടാത്ത അവസ്ഥയാണ് കോർപ്പറേഷനിലെ ജീവനക്കാർക്ക് എന്നും ഇവരിൽ ഭൂരിഭാഗവും ഭിന്നശേഷിക്കാരാണെന്നും ആയതിനാൽ പെൻഷൻ പദ്ധതി നിലവിലില്ലാത്ത കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം പൂർണ്ണ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിനു പര്യാപ്തമായ വിധത്തിൽ 58 ആക്കി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) കത്ത് പ്രകാരം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ പെൻഷൻ പദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം പൂർണ്ണ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിനു പര്യാപ്തമായ വിധത്തിൽ 58 ആയി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, ആഞ്ജനേയ, ശാസ്തമംഗലം, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്( Vide U.O PU-C4/82/2019 dated 9.2.2021)
പൊതുഭരണ(എസ്.സി) വകുപ്പ് ....................................
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Jasmin Thomas

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-06-2021

ഫയൽ നം. 364/ഡി2/2018/സാ.നീ.വ. ഇനം നം: 46

വിഷയം : സാമൂഹ്യനീതിവകുപ്പ് - കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

Put up on website
24/6/21

സെക്രട്ടറി, സാമൂഹ്യനീതിവകുപ്പ്.

24/6/21
DS

46

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : 364/ഡി2/2018/സാ.നീ.വ |
| 2. | വകുപ്പ് | : സാമൂഹ്യനീതി (ഡി) വകുപ്പ് |
| 3. | വിഷയം | : സാ-നീ-വ - കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 27.05.2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ നസറുദ്ദീൻ.എ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ.ബിജു പ്രഭാകർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 06.06.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16.06.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ഡോ.ആർ.ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 17.06.2021 |
| 14. | കുറിപ്പിന്റെ പകർപ്പ് സമർപ്പിച്ച തീയതി | : 21.06.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സംസ്ഥാനത്തെ ഭിന്നശേഷിക്കാരായവരുടെ ഉന്നമനത്തിനു വേണ്ടി 1979 ൽ രൂപീകൃതമായ ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ. 11.3.2004-ൽ ചേർന്ന കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ 114-ാം മത് ബോർഡ് യോഗത്തിൽ സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ പ്രകാരം ലഭിച്ച് വരുന്ന എല്ലാ ആനുകൂല്യങ്ങളും കോർപ്പറേഷനിലെ ജീവനക്കാർക്കും ബാധകമാക്കിക്കൊണ്ടും, റിട്ടയർമെന്റ് പ്രായം 58 ആയി തുടരുന്നതിനും തീരുമാനിച്ചിരുന്നു. സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് തുച്ഛമായ ഇ.പി.എഫ് പെൻഷൻ മാത്രമാണ് ലഭിച്ച് വരുന്നത്. ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 58 ആണ്. തുടക്കം മുതൽ കോർപ്പറേഷനിൽ നിന്നും 58 വയസ്സിലാണ് ജീവനക്കാർ വിരമിച്ചു വന്നിരുന്നതെന്നും ആയതിന് സർക്കാർ അംഗീകാരം തേടിയിരുന്നില്ല എന്നും വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു. സർക്കാർ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായമായ 56 വയസ്സിൽ കോർപ്പറേഷനിലെ ജീവനക്കാർ റിട്ടയർ ചെയ്താൽ 58 വയസ്സുവരെയുള്ള കാലയളവിൽ ശമ്പളമോ പെൻഷനോ കിട്ടാത്ത സ്ഥിതിയാകുമെന്നതിനാലാണ് പെൻഷൻ പ്രായം 58 ആയി 114-ാമത് യോഗം അംഗീകരിച്ചതെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇ.പി.എഫ് നിയമമനുസരിച്ച് 58 വയസ്സാണ് റിട്ടയർമെന്റ് പ്രായമായി നിജപ്പെടുത്തിയിട്ടുള്ളതെന്നും പെൻഷൻപ്രായത്തിലുള്ള ഈ വ്യത്യാസം കാരണം 56-58 വയസ്സുവരെയുള്ള കാലയളവിലെ ആർജിതാവധി, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ കണക്കാക്കുന്നതിന് സാധ്യമാകാത്ത സ്ഥിതിയാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം കോർപ്പറേഷന്റെ 31.05.2018 ലെ 191-ാമത് ഡയറക്ടർ ബോർഡ് വിശദമായി പരിശോധിക്കുകയുണ്ടായി എന്നും പെൻഷൻ പ്രായം 58 വയസ്സായി നിജപ്പെടുത്തിയതിന് സർക്കാരിന്റെ അനുമതി ഇതുവരെ ലഭിക്കാത്തതിനാൽ ഇക്കാര്യം ചൂണ്ടിക്കാണിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചതായി വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) 29.03.2017 ലെ സ.ഉ(കൈ)13/2017/സാ.നീ.വ പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിൽ 9-ാം ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രമോഷൻ, പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്താൻ പാടില്ലയെന്നും സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങളെന്തെങ്കിലും വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ടി ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് മുമ്പ് നിർത്തലാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 9-ാം ശമ്പളപരിഷ്കരണ ഉത്തരവിനു ശേഷം റിട്ടയർ ചെയ്ത ജീവനക്കാർക്ക് 9-ാം ശമ്പളപരിഷ്കരണ ഉത്തരവിന്റെ വെളിച്ചത്തിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുമ്പോൾ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായത്തിനു ശേഷമുള്ള കാലയളവിൽ എങ്ങനെ നൽകണമെന്നതിൽ അവ്യക്തത നിലനിൽക്കുന്നു എന്നും

വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു. ആയതിനാൽ പെൻഷൻ പദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ 58 ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആക്കുന്നത് സംബന്ധിച്ച മാനേജിംഗ് ഡയറക്ടറുടെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

"22/8/2014 -ലെ 15528/BPE3/13/Planning നം. അനൌദ്യോഗിക കുറിപ്പ് പ്രകാരം, ചില സ്ഥാപനങ്ങൾക്ക് മാത്രമായി വിരമിക്കൽ പ്രായം ഉയർത്തി നൽകിയാൽ, മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഇതേ ആവശ്യം ഉയർന്നു വരുമെന്നും ആയതിനാൽ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇപ്പോഴുള്ള പെൻഷൻ പ്രായം തന്നെ തുടരാൻ ശ്രദ്ധിക്കേണ്ടതാണെന്ന് പ്ലാനിംഗ് വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. വികലാംഗ ക്ഷേമ കോർപറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നതിന് ഇതുവരെ സർക്കാർ അനുമതി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ, ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മാത്രമായി ഇപ്പോൾ പെൻഷൻ പ്രായം ഉയർത്തിനൽകാൻ കഴിയില്ല. ആയതിനാൽ കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങളുടെ ശമ്പള ഘടന, പെൻഷൻപ്രായം എന്നീ കാര്യങ്ങളിലെല്ലാം ഒരു ഏകീകൃത ഘടന ഉണ്ടാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെടുന്നതു വരെ കോർപറേഷന്റെ പെൻഷൻപ്രായം ഉയർത്തണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്നും, ജീവനക്കാരുടെ പെൻഷൻപ്രായം ഉയർത്തുന്നതിനുള്ള സർക്കാർ ഉത്തരവില്ലാതെ 58 വയസ്സു വരെ ജീവനക്കാരെ സർവീസിൽ തുടരാനനുവദിച്ചതിന് വികലാംഗക്ഷേമ കോർപറേഷൻ എംഡിയിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

5) കോർപ്പറേഷൻ രൂപീകൃതമായ 1979 മുതൽ കോർപ്പറേഷനിൽ നിന്നും 58 വയസ്സിലാണ് ജീവനക്കാർ വിരമിച്ചു വന്നിരുന്നതെന്നും കോർപ്പറേഷനിൽ പെൻഷൻ പ്രായം സംബന്ധിച്ച് യാതൊരുവിധ സർക്കാർ ഉത്തരവും നിലവിലില്ലാത്ത സാഹചര്യത്തിലാണ് കഴിഞ്ഞ 40 വർഷമായി തുടർന്ന രീതി ഡയറക്ടർ ബോർഡിന്റെ നിർദ്ദേശാനുസരണം പിന്തുടർന്നതെന്നും ഇക്കാര്യത്തിൽ പുതുതായി ഒരു നിലപാടും സ്വീകരിച്ചിട്ടില്ലെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

6) 10.01.2020 ലെ സ.ഉ(കൈ)നം.2/2020/സാ.നീ.വ ഉത്തരവ് പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിൽ 13 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള 13 താൽക്കാലിക ജീവനക്കാരെ പെൻഷൻ പ്രായം 56 വയസ്സായി നിജപ്പെടുത്തി വർക്കർ തസ്തികയിൽ റഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 24.02.2020 ൽ കൂടിയ ഡയറക്ടർ ബോർഡിന്റെ തീരുമാനം അനുസരിച്ച് വിരമിക്കൽ പ്രായം സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിൽ ഇല്ലാത്തതിനാൽ ഇനിയൊരു സർക്കാർ ഉത്തരവ് ഉണ്ടാകുന്നതു വരെ കോർപ്പറേഷനിലെ എല്ലാ ജീവനക്കാരുടെയും പെൻഷൻ പ്രായം 56 വയസ്സായി

നിജപ്പെടുത്തി തീരുമാനിക്കുകയുണ്ടായി എന്ന് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ചെയർമാൻ അറിയിച്ചിട്ടുണ്ട്. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് റൂൾ സംബന്ധിച്ച ഫയൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണെന്നും അംഗീകൃത റൂൾസിന്റെ അഭാവത്തിൽ ജീവനക്കാർക്ക് പ്രൊമോഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുവാൻ സാധിക്കുന്നില്ല എന്നും എന്നാൽ ഇപ്പോൾ വിരമിക്കൽ പ്രായം 56 വയസ്സാക്കിയതോടെ പെൻഷൻപോലും പൂർണമായും കിട്ടാത്ത അവസ്ഥയാണ് കോർപ്പറേഷനിലെ ജീവനക്കാർക്ക് എന്നും ഇവരിൽ ഭൂരിഭാഗവും ഭിന്നശേഷിക്കാരാണെന്നും ആയതിനാൽ പെൻഷൻ പദ്ധതി നിലവിലില്ലാത്ത കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം പൂർണ്ണ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിനു പര്യാപ്തമായ വിധത്തിൽ 58 ആക്കി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർമാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

7) വികലാംഗക്ഷേമ കോർപ്പറേഷൻ ചെയർമാന്റെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി. പ്രസ്തുത വകുപ്പ് ഇപ്പോൾ താഴെപ്പറയുന്ന അഭിപ്രായം നൽകിയിട്ടുണ്ട്.

"കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാൻ അനുമതി നൽകാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

8) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു. എന്നാൽ പതിനഞ്ചാം കേരള നിയമസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല.

9) തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ മന്ത്രിസഭ നിലവിൽ വന്ന സാഹചര്യത്തിൽ ഇക്കാര്യം പുതിയ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ പെൻഷൻ പദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം പൂർണ്ണ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നതിനു പര്യാപ്തമായ വിധത്തിൽ 58 ആയി നിജപ്പെടുത്താവുന്നതാണോ?